# കേരള സർവകലാശാല

നം.പി.ആർ.90/2008 ഫോൺ: 2305738

## പത്രക്കുറിപ്പ്

### എം.ബി.എ.പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ പഠന കേന്ദ്രം ഏപ്രിൽ 28 മുതൽ നടത്തുന്ന രാംവർഷ എം.ബി.എ.പരീക്ഷക്ക് തിരുവനന്തുരം മാർഇവാനിയോസ് കോളേജ്, കൊല്ലം എഫ്.എം.എൻ കോളേജ്, ആലപ്പുഴ എസ്.ഡി.കോളേജ് എന്നിവ പരീക്ഷാ കേന്ദ്രങ്ങളായിരിക്കും.

### എം.കോം. പ്രീവിയസ് അസൈൻമെന്റ്

കേരള സർവകലാശാല വിദൂര പഠന ഒന്നാംവർഷ എം.കോം അസൈൻമെന്റ് സമർപ്പിക്കാനുള്ള തീയതി മെയ് 31 വരെ നീട്ടി.

### എൽ.എൽ.ബി. ഫീസ്

കേരള സർവകലാശാല 2008 മേയിൽ നടത്തുന്ന ഒന്നും, മൂന്നും സെമസ്റ്റർ എൽ.എൽ.ബി.(പഞ്ചവത്സരം) പരീക്ഷക്ക് പിഴകൂടാതെ ഏപ്രിൽ 30(50 രൂപ പിഴയോടെ മേയ് മൂന്ന്, 250 രൂപ പിഴയോടെ മേയ് ആറ്) വരെ അപേക്ഷിക്കാം. സി.വി.ക്യാമ്പ് ഫീസായി 200 രൂപ അടക്കണം. മൂന്നാം സെമസ്റ്റർ പരീക്ഷ മേയ് 15 നും ഒന്നാം സെമസ്റ്റർ പരീക്ഷ മേയ് 28 നും തുടങ്ങും.

### പിന്നോക്ക സംവരണം, ദളിത് ശാക്തീകരണം - സെമിനാർ

കേരള സർവകലാശാല നിയമവകുപ്പിലെ ഡോ.ബി.ആർ.അംബേദ്കർ ചെയറിന്റെ ആഭിമുഖ്യത്തിൽ പിന്നോക്ക വിഭാഗങ്ങൾക്കുള്ള ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സംവരണവും ഭരണഘടനയും എന്ന സിംപോസിയവും, ദളിത് ശാക്തീകരണം - ഭരണഘടനയും ജൂഡിഷ്യറിയും എന്ന ദേശീയ ശില്പശാലയും മെയ് 13, 14 തീയതികളിൽ കേരള സർവകലാശാല സെനറ്റ് ചേംബറിൽ നടക്കും. 13 -ാം തീയതി രാവിലെ 10.30ന് വൈസ് ചാൻസലർ ഡോ.എം.കെ.രാമചന്ദ്രൻ നായരുടെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനം നിയമസഭ സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. പ്രോ-വൈസ് ചാൻസലർ ഡോ.വി.ജയപ്രകാശ്, മുൻ മന്ത്രി ശ്രീ. ദാമോദരൻ കാളാശ്ശേരി, സിൻഡിക്കേറ്റംഗം അഡ്വ. എ.എ. റഷീദ്, കൊല്ലം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ സംസാരിക്കും. പരിപാടിയിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ 9447217447, 9495348614 എന്നീ നമ്പരുകളിൽ ബന്ധപ്പെടുക.

**സർവകലാശാല മന്ദിരം**
**തിരുവനന്തപുരം**
25.04.2008

**എസ്.ഡി.പ്രിൻസ്**
**പബ്ലിക് റിലേഷൻസ് ഓഫീസർ**

**അംഗീകാരത്തോടെ,**

**സെക്ഷൻ ഓഫീസർ**

---

**e-mail:** kerala university@vsnl.com **website:** www.keralauniversity.edu